


www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## ബൈക്കിൽ കടത്തിയ ആറുകിലോ കഞ്ചാവുമായി തമിഴ്നാട് സ്വദേശി അറസ്റ്റിൽ

ആറു കിലോഗ്രാം കഞ്ചാവുമായി തമിഴ്നാട് സ്വദേശിയെ പാലക്കാട് ഡാൻസാഫ് സ്ക്വാഡും , വാളയാർ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിൽ അട്ടപ്പള്ളം ടോൾ പ്ലാസക്ക സമീപം വെച്ച് ബൈക്കിൽ ഇടപാടുകാർക്ക് കൈമാറാൻ കൊണ്ടു വന്ന ആറുകിലോ കഞ്ചാവുമായി അറസ്റ്റു ചെയ്തു. മധുക്കരൈ , അരിസി പാളയം സ്വദേശി ശ്രീധർ വ: 22 നെയാണ് വാളയാർ പോലീസ് അറസ്റ്റു ചെയ്തത്.

### ബൈക്കിൽ കടത്തിയ ആറുകിലോ കഞ്ചാവുമായി യുവാവ് പിടിയിൽ

പാലക്കാട്: ബൈക്കിൽ കടത്തുകയായിരുന്ന ആറ് കിലോ കഞ്ചാവുമായി തമിഴ്നാട് സ്വദേശി പിടിയിൽ.

ഇന്നലെ വൈകിട്ട് അട്ടപ്പള്ളം ടോൾപ്ലാസക്ക് സമീപം ഡാൻസാഫ് സ്ക്വാഡും, വാളയാർ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് ഇടപാടുകാർക്ക് കൈമാറാൻ കൊണ്ടുവന്ന കഞ്ചാവുമായി മധുക്കരൈ അരിസി പാളയം സ്വദേശി ശ്രീധർ (22) പിടിയിലായത്. പിടിച്ചെടുത്ത കഞ്ചാവിന് ആറ് ലക്ഷം രൂപ വില വരും.

കഞ്ചാവ് വാളയാർ, കഞ്ചിക്കോട് ഭാഗത്തുള്ള ഇടപാടുകാർക്ക് കൈമാറാൻ കൊണ്ടുവന്നതാണെന്ന് പ്രതി മൊഴി നൽകി. പരിശോധന ശക്തമായതോടെ ഊടുവഴികളിലൂടെയും കഞ്ചാവ് കടത്തുന്നുണ്ട്. നർകോട്ടിക്ക് സെൽ ഡിവൈ. എസ്.പി. സി.ഡി. ശ്രീനിവാസന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്. വാളയാർ എസ്.ഐ. ബിബീഷ്, എസ്.സി.പി.ഒ. വിനോദ് കൃഷ്ണൻ, സി.പി.ഒ. ഷിബു, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ടി.ആർ. സുനിൽ കുമാർ, റഹിം മുത്തു, യു. സൂരജ് ബാബു, കെ. അഹമ്മദ് കബീർ, കെ. ദിലീപ്, ആർ. രാജീദ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

പിടിച്ചെടുത്ത കഞ്ചാവിന് ആറ് ലക്ഷം രൂപ വില വരും. വാളയാർ, കഞ്ചിക്കോട് ഭാഗത്തുള്ള ഇടപാടുകാർക്ക് കൈമാറാൻ കൊണ്ടുവന്നതാണെന്ന് പ്രതി പറഞ്ഞു.

പാലക്കാട് ജില്ല പോലീസ് മേധാവി R. വിശ്വനാഥ് IPSന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP C.D. ശ്രീനിവാസന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്.

വാളയാർ സബ് ഇൻസ്പെക്ടർ ബിബീഷ് SCPO വിനോദ് കൃഷ്ണൻ, CPO ഷിബു ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ T.R. സുനിൽ കുമാർ, റഹിം മുത്തു, U. സൂരജ് ബാബു K. അഹമ്മദ് കബീർ, K. ദിലീപ്, R. രാജീദ്, എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

....................................................................................................................................

